**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഓട്ടുകമ്പനികളിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 മഹാമാരി മൂലം വിവിധ തൊഴിൽ മേഖലകളിൽ വരുമാനമില്ലാതായി വിഷമിക്കുന്നവരെ സഹായിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, സംസ്ഥാനത്തെ ഓട്ടുകമ്പനികളിൽ പണിയെടുക്കുന്ന ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടാത്ത ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഇനിയും നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് മാത്രമാണ് കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നത്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് കോവിഡ് -19 ഒന്നാം ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 1000/- രൂപ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കോവിഡ് -19 ന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1000/- രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് 19 ലോക്ഡൗൺ കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് മാത്രമാണ് കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പ് മുഖേന ധനസഹായം നൽകി വരുന്നത്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് കോവിഡ് -19 ഒന്നാം ഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച 1000/- രൂപ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കോവിഡ് -19 ന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1000/- രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ